## പൂച്ചെണ്ടുകൾ

**എസ്.എഫ്. നരിമാൻ**

ഗുജറാത്തിൽ ന്യൂനപക്ഷ സമുദായങ്ങൾക്കുനേരെ നടക്കുന്ന കൈയേറ്റങ്ങളിൽ പ്രതിഷേധിച്ച് സംസ്ഥാന സർക്കാരിന്റെ കേസ് വാദിക്കാനുള്ള വക്കാലത്ത് ഒഴിഞ്ഞതിന്.

**എ.ഐ.എസ്.എഫ്.**

ലോകബാങ്കുമായി ഉണ്ടാക്കിയിരിക്കുന്ന എല്ലാ വിദ്യാഭ്യാസ കരാറുകളും റദ്ദാക്കണമെന്നും കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ തകർക്കുന്ന ഡി.പി.ഇ.പി. പിൻവലിക്കണമെന്നും ആവശ്യപ്പെട്ടതിന്.

**ബി.എം.എസ്.**

ഇൻഷ്വറൻസ് മേഖല സ്വകാര്യ കുത്തകകൾക്ക് തുറന്നുകൊടുക്കുന്നതും പേറ്റന്റ് നിയമം ഭേദഗതിചെയ്യുന്നതും രാജ്യതാല്പര്യത്തിനും പൊതുജന ക്ഷേമത്തിനും എതിരാണെന്നു വിലയിരുത്തുകയും ബി.ജെ.പി. സർക്കാരിന്റെ അത്തരം സാമ്പത്തിക നയങ്ങൾക്കെതിരെ രാജ്യവ്യാപകമായ പ്രക്ഷോഭത്തിന് ഒരുങ്ങുകയും ചെയ്യുന്നതിന്.

**മദൻലാൽ ഖുറാന**

അവസാനം, ഒരു സത്യം മനസിലായിക്കിയതിന്; അത് ഏറ്റു പറഞ്ഞതിന്.

## ചീമുട്ടകൾ

**പിണറായി വിജയൻ**

നായനാരുടെ മകന്റെ വിവാഹത്തിന് പൊന്നിൽ കുളിച്ചുനിന്നിരുന്ന വധുവിനെക്കുറിച്ച് ചോദിച്ചപ്പോൾ വധുവിന്റെ ശരീരത്തിലിടുന്ന സ്വർണം സ്ത്രീധനമാവില്ലെന്ന് പറഞ്ഞ് ന്യായീകരിച്ചതിന്.

**പെപ്സി**

കോഴിക്കോട് ചെറുവണ്ണൂരിൽ അടപ്പ് തുറക്കാത്ത പെപ്സിക്കുപ്പിക്കുള്ളിൽ ഒരു ഈച്ച ചത്തിരിക്കുന്നത് റിപ്പോർട്ട് ചെയ്യപ്പെടുകയും ജനങ്ങൾ പെപ്സിയുടെ അന്താരാഷ്ട്ര ഗുണനിലവാരം മനസിലാക്കുകയും ചെയ്തതിനാൽ.

**വിശ്വഹിന്ദുപരിഷത്ത്**

'അമർത്യാസെന്നിന് നോബൽ സമ്മാനം ലഭിച്ചത് ചില 'പരിഗണന'കൾ മൂലമാണെന്നും അദ്ദേഹത്തിന്റെ ഗവേഷണംകൊണ്ട് ക്രിസ്ത്യാനിക്കു മാത്രമേ പ്രയോജനമുള്ളൂ' – എന്നും കണ്ടെത്തിയതിന്.

**ശിവസേന**

ഇന്ത്യാ – പാക് ടെസ്റ്റ് ക്രിക്കറ്റ് നടക്കേണ്ടിയിരുന്ന ദില്ലിയിലെ ഫിറോസ്ഷാ കോട്‌ലാ ഗ്രൗണ്ടിലെ പിച്ച് കുത്തിക്കീറി കളഞ്ഞതിന്.

**ശബരിമല ദേവസ്വം**

മകരവിളക്ക് കൃത്രിമമായി കത്തിക്കുകയും സത്യമെന്നു കരുതി അത് കാണാൻ കാത്തുകെട്ടി നിൽക്കുന്നവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കാതെ ഒരു ദുരന്തത്തിനു വഴിയൊരുക്കുകയും ചെയ്തതിന്.

**പയ്യാനക്കൽ ഇഹ്‌യാൻ ഉലും മദ്രസ**

യുവജനോത്സവത്തിൽ പങ്കെടുത്ത് തിരുവാതിരക്കളി അവതരിപ്പിച്ച വിദ്യാർഥികളെ മദ്രസയിൽനിന്ന് പുറത്താക്കിയതിന്